# രാത്രിയാത്ര (2022)

എം. പി. പ്രതീഷ്



രാത്രിയാത്ര (2022)

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


രാത്രിയാത്ര (2022) . . . . . . . . . . 4

1 ഗ്രഹണം . . . . . . . . . . . . . . . 5

2 ചെമ്പരത്തികൾ . . . . . . . . . 6

3 നിശാശലഭങ്ങൾ . . . . . . . . 7

4 ഇരുണ്ട ചേമ്പിലകൾ . . . . . 8

5 പഴങ്ങളും രാത്രികളും . . . . . 9

6 നിലവറ . . . . . . . . . . . . . . . . 10

7 ഈയൽ . . . . . . . . . . . . . . . 11

8 നീർവലയങ്ങൾ . . . . . . . . . 12

9 നാരുകളും കരിയിലകളും . . 13

10 നിഴലുകൾ—1 . . . . . . . . . . . 14

11 നിഴലുകൾ—2 . . . . . . . . . . . 15

12 ഉരു . . . . . . . . . . . . . . . . . . . 16

13 ചതുപ്പിൽ . . . . . . . . . . . . . . 17

14 ഇതളുകൾ . . . . . . . . . . . . . . 18

15 കൂടുകൾ—1 . . . . . . . . . . . . 19

16 കൂടുകൾ—2 . . . . . . . . . . . . 20

17 തുണിത്തുണ്ടുകൾ—1 . . . . . . 21

18 തുണിത്തുണ്ടുകൾ—2 . . . . . . 22

19 രാത്രിയാത്ര—1 . . . . . . . . . . 23

20 രാത്രിയാത്ര—2 . . . . . . . . . . 24

21 രാത്രിയാത്ര—3 . . . . . . . . . . 25

# രാത്രിയാത്ര (2022)

# 1

# ഗ്രഹണം

ചിറകിൽ ഒരൽപം മഞ്ഞ്, പൊടിപടലങ്ങൾ. ചിറകിൽ  ഇരുൾ. അദൃശ്യമായൊരു നക്ഷത്രത്തെയാണവ പരിക്രമം ചെയ്യുന്നത്. ഭൂമിക്കുചുറ്റും ഒരേയകലത്തിൽ ഒരേ ഗുരുത്വപരിധിയിൽ ചീവീടുകളുടെ വിലാപം കേട്ടു. ആ ശബ്ദങ്ങളിൽ ബാഹ്യാകാശത്തിന്റെ മൗനം പുരണ്ടു. തളർന്ന്, ഈയുടലിൽ പതിഞ്ഞിരുന്ന് ചീവീടുകൾ കണ്ണു പൂട്ടുമ്പോഴാണ് ഗ്രഹണം. ഇരുട്ടിന്റെയുള്ളിലേയ്ക്ക് ചവിട്ടുപടികൾ. നമ്മുടെ കാൽപ്പെരുമാറ്റത്താൽ പെട്ടെന്നുണർന്നു പോയി, വൃക്ഷങ്ങൾ, തടാകപ്പരപ്പുകൾ.

# 2

## ചെമ്പരത്തികൾ

കാറ്റിന് ഭാരമേറി. ചരടിറുന്ന് പായകൾ വേർപെട്ട് അലകൾക്കും ദ്വീപുകൾക്കും മീതെ വീണു മൂടിക്കിടന്നു. കണ്ണുകാണാത്ത കപ്പലുകൾ എല്ലാ തുറകളിലും വന്നിടിച്ച് തകർന്നു. ദീർഘയാത്രകൾ കഴിഞ്ഞു വന്ന തീപുരണ്ട കുറ്റൻ കല്ലുകൾ, ചെറുഗോളങ്ങൾ, കടലുകളിൽ മുങ്ങിയുറങ്ങി. അവ കൊണ്ടുവന്ന ചെറിയ ചെറിയ വേദനകൾ പാറക്കെട്ടുകളിൽ പറ്റിപ്പിടിച്ചു വളർന്നു. കനം കൂടിയ മുറിവുകൾ അടിത്തട്ടിലേയ്ക്ക് ആഴ്ന്നുപോയി. കാറ്റുകളടങ്ങി. പച്ചനിറത്തിന് നിഴലുകൾ വന്നു. കൈവിരലുകൾ നീങ്ങുന്നിടമെല്ലാം ചുവന്ന നിറമുണ്ടായി. ഇരുണ്ട ചെമ്പരത്തികളുണ്ടായി.

# 3

# നിശാശലഭങ്ങൾ

കല്ലുകളിൽനിന്നാണവ പൊടിഞ്ഞുയിർക്കുന്നത്. മരങ്ങളോ വീടുകളോ എന്നു ഭേദമില്ലാതെ എല്ലാ ഉടലുകളിലും വന്ന് പതിഞ്ഞിരിക്കും. ചിറക് പരത്തി വെച്ച് ഉണക്കും. ആ നിശ്ചലതയിൽ രാത്രികൾ ഉണ്ടായി. രാത്രികൾക്ക് അടിത്തട്ടുകളുണ്ടായി. ഭൂമിയിൽ രാത്രികൾ മാത്രമേ ഉള്ളൂ. വിളറിയ കാറ്റുകളും. കാറ്റിൽ, രാത്രിയിൽ, കണ്ണാടികൾ. കണ്ണാടികളിൽ എന്നെക്കാണിച്ചുതന്നു. ഉണങ്ങാത്ത പുരാതനമായ മുറിവുകൾ. ഉണങ്ങിയ പുരാതനമായ  കലകൾ. ചിറകുകളിൽ നോക്കിനിൽക്കുമ്പോൾ അവയിൽ വലയങ്ങൾ ഉണ്ടായി. നിറങ്ങൾ. തീപ്പുള്ളിക്കണ്ണുകൾ. പെട്ടെന്ന്, ഒരു വലിയ ശലഭം എന്നെക്കടന്നു പോയി. അതിന്റെ ശബ്ദം കേട്ടുവെന്നു തീർച്ച. അതിന്റെ ചിറകിൽ നിന്നുവീണ മണം ഇപ്പഴുമിവിടെയുണ്ട്. മരണത്തിന് തൊട്ടുമുമ്പ് ഞാൻ കാത്തുകാത്തു നിൽക്കുമ്പോൾ ഈ ചെരിവിൽ ശലഭച്ചിറകിന്റെ നിറം കലർന്ന് രാത്രിയുടെ ഒരു പാതി മാഞ്ഞുപോയി.

## 4

# ഇരുണ്ട ചേമ്പിലകൾ

ഇരുണ്ട ചേമ്പിലകളിൽ എല്ലാം തങ്ങിനിന്നു. കുഞ്ഞുങ്ങളും വളർത്തുമൃഗങ്ങളും. കാലവർഷത്തിന്റെ മടക്കുകളും ചുളിവുകളും. ഭൂമിയുടെ ചോര പുരണ്ട ശീലകളും. കുതിർന്നും തണുത്തും കവിളുകളിൽ ചൂടുള്ള ശ്വാസമേറ്റും താഴേക്കു വീണുപോവാതെ, ഈയിരുണ്ട ചേമ്പിലകളിൽ തങ്ങിനിന്നു. ചന്ദ്രന്റെ അഴുക്കു പിടിച്ച കുഞ്ഞു ശരീരങ്ങളും തീ കെടാത്ത പകലുകളും. മാളങ്ങളും കാടുകളുടെ അടിത്തട്ടുകളും. നഖങ്ങളും മുടിനാരുകളും. വേദന വാർന്നുപോവാതെ എല്ലാ മുറിവുകളും ഇരുണ്ട ചേമ്പിലകളിൽ തങ്ങിനിന്നു.

# 5

# പഴങ്ങളും രാത്രികളും

അശാന്തമായ പറത്തങ്ങളും സ്വച്ഛമായ നിദ്ര യും ഈ മരത്തിന്റെ ചില്ലകളിൽ ഉണ്ട്. ഒരേ രാത്രിയുടെ കരകളിൽ. ഒരേ ആഴത്തിനു താഴെ. പുഴുക്കളുടെയും തേനീച്ചകളുടെയും കിളിക ളുടെയും ഉമിനീര് താഴേക്കിറ്റുന്നു. വാവലിന്റെ നിഴലുകളും മൂങ്ങയുടെ നോട്ടങ്ങളും താഴേക്കി റ്റുന്നു. മണ്ണിന് ഭാരമേറിയത് അങ്ങനെയായി രുന്നു, നനവു പറ്റിയതും. മുറിവുകളുടെ അടയാ ളം പോലെ, മരിച്ചുപോയ മുതുമുത്തശ്ശിമാരുടെ ആർത്തവച്ചോരയിൽ അവ കലർന്നു. ചുറ്റിപ്പി ണയുന്ന ഞാഞ്ഞൂലുകളിലും കാട്ടുകിഴങ്ങിന്റെ വേരുകളിലും അവ കലർന്നു. ആകാശത്തി ന്റെ ഉമിനീര്. പഴങ്ങളുടെയും രാത്രികളുടെയും കുട്ടുകളുടെയും ഉമിനീര്, എന്റെ വിരൽത്തുമ്പി ലും നാവിലും.

# 6

## നിലവറ

കുന്നിൻപുറങ്ങളിലൂടെയുള്ള നടത്തം എനിക്കു തരുന്നതെല്ലാം ഞാൻ ഈ നിലവറയിൽ സൂക്ഷിച്ചു വെയ്ക്കുന്നു. മരപ്പലകയ്ക്കു താഴെയിരുട്ടിൽ എല്ലാം മറ്റൊരു വേഗതയിൽ മരണത്തെ ഓർമ കിട്ടാതെ വളരുന്നു. ഉണങ്ങിയ അത്തിപ്പഴങ്ങളും നെൻമണികളും. സൂര്യഗ്രഹണത്തിന്റെ നിഴൽ വീണ ഇടവഴികൾ. മുയലുകളും മാളങ്ങളും. തോടടർന്നു വീഴുന്ന കാറ്റും മഴയും. വീടുവിട്ടു പോവാതെ, മടങ്ങാതെ, വേലിപ്പടർപ്പിൽ കാത്തുനിൽക്കുന്ന അമ്മൂമ്മമാരും കന്നുകുട്ടികളും. മുറിഞ്ഞ നഖങ്ങളും പരുന്തുകളും. വെറും തറയിൽ തണുത്തുവിറങ്ങലിച്ചും പരസ്പരം പുണർന്നും ഓരോ വസ്തുക്കൾ. അവയിൽനിന്നു പൊടിയുന്ന ശബ്ദങ്ങൾ. കറയിറ്റുന്ന മണങ്ങൾ. ഓരോ നിമിഷവും അലിഞ്ഞില്ലാതെയാകുന്ന വിരലടയാളം. തൊലിയുടെ നിറം. ഇന്നത്തെ നടത്തത്തിനിടെ കാൽക്കീഴിലേക്ക് ഉതിർന്ന കാഞ്ഞിരത്തിന്റെ ഉരുളൻ കായ്കളുടെ കിലുക്കം കൂടി താഴേക്കെറിഞ്ഞ്, മരപ്പലക വലിച്ചടച്ചു.

## 7

# ഈയൽ

ഈ നനഞ്ഞ മണ്ണിൽ, ചെറുവിടവിൽനിന്ന് അത് പുറത്തു വരുന്നു. ഒരു കുഞ്ഞു വാക്ക്. ഉടലു കുടഞ്ഞു, നിവർത്തി, കനംകുറഞ്ഞ ഇരു ചിറകും വിടർത്തി, സാവധാനം വായുവിലുയർന്ന്, വട്ടം വച്ച്, ഈ ശബ്ദങ്ങളിലും ഗന്ധങ്ങളിലും തൊട്ട്, പിന്നെയും മീതേയ്ക്കുമീതേയ്ക്കു പോയി. ഇല്ല, അദൃശ്യമായില്ലതു്. ആ ചെരിവിൽ, ഭൂമിയുടെ ഓർമയുടെയും മരണങ്ങളുടെയും പുറത്ത്, വർത്തുളമായ പാതയിൽ, അത് മെല്ലെ നീങ്ങുന്നുണ്ട്. സന്ധ്യകളിലും പാതിരകളിലും കലർന്ന്, വിദൂര ദിക്കുകളുടെയും ഉറവിടങ്ങളറിയാത്ത കാറ്റുകളുടെയും വിരലുകൾക്കിടയിലൂടെ മിന്നിയും അണഞ്ഞും പൊടി മൂടിയും വിറങ്ങലിച്ചും നീങ്ങുന്നു. പകലിലും രാവിലും ഈ മുറ്റത്ത് ഞാനതു കണ്ടുനിൽക്കുന്നു. ഒരു ചെറിയ ഈയൽ. അതിന്റെ മുരളുന്ന ചിറകൊച്ച.

# 8

## നീർവലയങ്ങൾ

ഈ ചെറിയ വെള്ളക്കെട്ടിൽ എഴുതിമായുന്ന ദശലക്ഷം നീർവലയങ്ങളിൽനിന്ന് മൂലകൾ ക്കുചുറ്റും തവിട്ടുനിറമുണ്ടായി. അതിന്റെ വേദന യിൽനിന്ന് ഒരിക്കലും കരകയറാൻ കഴിയാ ത്ത ഗ്രഹങ്ങളും നക്ഷത്രാവശിഷ്ടങ്ങളും അടി ത്തട്ടിലേയ്ക്ക് ആണ്ടു പോയി. വേദനയിൽനിന്ന് വേരു പൊട്ടുന്ന കുഞ്ഞുവേദനകൾ പടർന്നുവ ളർന്നു കാടുകൾ, കാണാൻ വയ്യാത്ത താഴ്വര കൾ, ആഴമറിയാത്ത ചതുപ്പുകൾ ഉണ്ടായി. വലയങ്ങളിൽനിന്ന് ഒച്ചുകളും നാഗങ്ങളും പേ ടി സ്വപ്നങ്ങളും ഭ്രാന്തിന്റെ ചുറ്റുകോവണികളുമു ണ്ടായി. വർഷകാലങ്ങൾ അങ്ങനെ തീർന്നു. കല്ലിലും ഉടലിലും അതിന്റെ വിരൽപ്പാടുകൾ കണ്ടു.

## 9

# നാരുകളും കരിയിലകളും

എങ്ങനെയാണ് ഭൂമിയിലാദ്യം
കൂടുകളുണ്ടായത്?
തോടുപതുക്കെയടർത്തി, രാത്രികൾ
പുറത്തുവന്നത്?
നിലവറകൾക്കുള്ളിൽ ചന്ദ്രന്റെ തുണ്ടുകൾ
മൂടിക്കിടന്നത്?
കിളികളുണ്ടാവുന്നതിനു മുമ്പ് എങ്ങനെയാണ്
നമ്മൾ പാടത്തിന്റെ കരയ്ക്ക് പകലുകളെ
നോക്കിനിന്നത്? ചില്ലകളുടെ ഗാഢമായ
നിറത്തിൽ തൊട്ടത്?
നാരുകളും കരിയിലകളുമുണ്ടാവുന്നതിനു
മുമ്പ് എങ്ങനെയാണ് നമ്മൾ
മുറിവുതിയുണക്കിയത്?
കിളികളുടെ നിറം,
കിളികളുടെ ദിക്കുകൾ,
കിളികളുടെ ആകാശനൃത്തം,
കിളികളുടെ ലിപികൾ,
കിളികളുടെ വിദൂരഗ്രഹങ്ങൾ,
കിളികൾ എങ്ങനെയാണ്
നമ്മെ മറന്നുപോയത്?

# 10

## നിഴലുകൾ—1

ശ്വാസത്താലിളകുന്ന ഇലകളിൽ നോക്കി,
ഈ മുറിവിൽനിന്നും പഴന്തുണി നീക്കുന്നു
പുരാതനമായ രാത്രിയുടെ
നീലനിഴലുകൾ,
തൊലിയ്ക്കും വേദനകൾക്കുമിടയിൽ,

തണുത്തും മയങ്ങിയും ഒട്ടിനിൽക്കുന്നു.

## 11

# നിഴലുകൾ—2

ഞാറക്കായ്കൾക്കു ചുറ്റിനും
ഒച്ചയനക്കമില്ലാത്ത തണുത്ത  ഗ്രഹങ്ങൾ,
ആ നീലനിഴലുകൾക്കിടയിലാണു നാം
പാർക്കുന്നു,
രാത്രിയോ പകലോ അറിയാതെ
സൂര്യനിൽനിന്നുമകലുന്നു

# 12

## ഉരു

പതുക്കെയാണ് ആകൃതിയുണ്ടായത്; മരങ്ങൾ മരങ്ങളായതും കുന്നുകൾ കുന്നുകളായതും. പതുക്കെയാണ് ചുണ്ടുകൾ വാക്കുകളായത്; മൂർച്ചയുള്ള വക്കുകളും വിലാപങ്ങളും ഉണ്ടായത്. പതുക്കെയാണ് ഓരോ പദാർത്ഥത്തിലും പ്രാണനും മരണവും വന്നുപോയത്. പതുക്കെയാണ് പൊടിയടിഞ്ഞ്, കനം വെച്ച്, കൂട്ടുകെട്ടി, അടയിരുന്ന് ഈ ഗ്രഹമുണ്ടായത്, ദിക്കുകളും. പതുക്കെ ഈ തുറയിൽ നിന്നകന്നു, കാറ്റുപായകൾ മുറുക്കി, ഒഴുക്കിൽ. പതുക്കെ സമുദ്രങ്ങൾക്ക് അലകളുടെയും അടിത്തട്ടുകളുടെയും ആകൃതിയുണ്ടായി.

## 13

# ചതുപ്പിൽ

ചതുപ്പിൽ ഒന്നും ആഴ്ന്ന് പോയിരുന്നില്ല; തമ്മിൽ വെട്ടിയേൽപ്പിച്ച മുറിവുകൾ, പലായനം, മരണങ്ങൾ. കുഴഞ്ഞ ചേറ്. അടിഞ്ഞ ഇരുൾ. വെള്ളം കലർന്ന് എല്ലാമെല്ലാം ഓർക്കുന്നു. തട്ടുതട്ടായി വെയ്ക്കുന്നു. ഒന്നിനു മീതേയൊന്നു വീണുകിടക്കുന്നു. എല്ലാ നിലവിളിയും കെട്ടുപിണഞ്ഞ് വറ്റുന്നു. അഴുകുന്നു. ഉണരാൻ വയ്യാതെ ഉറങ്ങുന്നു. കണ്ണിലും മൂക്കിലും വായിലും ചെളിയടിഞ്ഞു നിറയും. വരമ്പുകളിടിഞ്ഞ് കുത്തിയൊഴുകുന്ന രാത്രിയിലേക്ക് വീഴുമ്പോൾ ചതുപ്പിന്നങ്ങേക്കരയ്ക്ക് വലിയ മാനുകളെക്കണ്ടു. നിലാവിൽ ശിരസ്സിലെ ക്കൊമ്പുകൾ തിളങ്ങി.

# 14

## ഇതളുകൾ

രാത്രിയിൽ,
ഇതളുകൾ

അവ വിദൂരദിക്കുകളിലലയുന്നു,
അവ സൂര്യനെച്ചുറ്റുന്നു.

കാണാവുന്ന ഗ്രഹങ്ങളിലൊക്കെയു
മൊട്ടിപ്പിടിക്കുന്ന

കള്ളിപ്പാലയുടെ മണംകൊണ്ടു്,
മരണം, അതിന്റെ രാത്രികൾ മുഴമിച്ച
മരത്തിനുതാഴത്തു്, എല്ലാ ദിക്കുകളുടെയും
വിരലടയാളമുണ്ടു്.
തൊടാവുന്നവ.
വേഗത്തിൽ മായുന്നവ.

## 15

# കൂട്ടുകൾ—1

കിളികൾ കൂട്ടുകളും കൊണ്ട്
വടക്കുകിഴക്കേച്ചെരിവിലൂടെ പറന്നുപോയി.

അവ മടങ്ങിവരാതെ
എനിക്കു് ചേക്കേറുവാൻ വയ്യ

# 16

## കൂടുകൾ—2

കുപ്പായത്തിൽനിന്ന് വലിച്ചെടുത്തൊരു
നൂലിഴയും കണ്ണാടിച്ചില്ലുകളുമുണ്ട്
എന്റെ കൈയിൽ.

എങ്ങനെയാണ് കിളികൾ
കൂടുണ്ടാക്കുന്നത്?

## 17

# തുണിത്തുണ്ടുകൾ—1

ആ മുറിയിൽ, തറയിലെല്ലാം
ചോരയൊപ്പിയ തുണിത്തുണ്ടുകൾ

ചന്ദ്രൻ ഓരോ ജൻമത്തിലും
അവളുടെ ചോര
മുഖത്തു തേച്ചു മടങ്ങി

## — 18 —

# തുണിത്തുണ്ടുകൾ—2

നനച്ച തുണികൊണ്ടു
ശബ്ദങ്ങൾ
ഒപ്പിയെടുത്തു

ഉണങ്ങാത്ത പന്നലുകളുടെ മിണ്ടൽ
ചില്ലിന്റെയും പേജുകളുടെയും
വിടവുകളിൽ ബാക്കിനിന്നു

## — 19 —

# രാത്രിയാത്ര—1

രാത്രിയുടെ വലത്തേയറ്റത്ത്,
പേജിന്റെ മൂലയിൽ
ഒരു മടക്കുവെച്ചു,
മൂങ്ങകൾ അവിടെയാണിരിപ്പ്.

## 20

# രാത്രിയാത്ര—2

പൂവെല്ലാമതിൽ മുങ്ങിയെണീറ്റു
പറവകളെല്ലാമതിൽ നീന്തിക്കയറി

മരണത്തിന്റെ അടിത്തട്ടിലെപ്പോഴുമുണ്ട്,
ഒരുറവ്

എന്റെ ചിറകിലും ചുണ്ടിലും നനവ്


## 21

# രാത്രിയാത്ര—3

പുസ്തകമടച്ച്
ഉറക്കത്തിനടിയിൽ വാക്കുകൾ
അടങ്ങിക്കിടന്നു
അറിയാനാട്ടിലൂടൊരാൾ ഓരോവരിയിലും
തൊട്ടുനോക്കിപ്പോവുമ്പോൾ
ഞാനുണർന്നു
കഴിഞ്ഞ പകലിലേയ്ക്കും
വരുന്ന രാത്രിയിലേയ്ക്കും വേർപെട്ടു

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014